ഉത്തരം

(എ-സി) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസുകളിലുള്ള കുട്ടികൾക്ക് കല, കായിക പ്രവൃത്തി പരിചയ മേഖലകളിൽ പ്രാവീണ്യം നേടുന്നതിന് പ്രത്യേക പരിശീലനം നൽകുന്നതിനായി ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ആശ്വാസ് പദ്ധതി. വിവിധ ജില്ലകളിൽ ആശ്വാസ് പദ്ധതി നടപ്പിലാക്കുന്നതിനായി സ്കൂളുകൾ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഗസ്റ്റ് അദ്ധ്യാപക വേതനം

47(1100) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി അനുവദിച്ച എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിൽ ഗസ്റ്റ് അദ്ധ്യാപകരായി നിയമിതരായവർക്ക് മാത്രം വേതനം നാളിതുവരെ നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധമായി പൊതുവിദ്യാഭ്യാസ (ഗ1) വകുപ്പിലുള്ള 48404/ഗ1 2/15/പൊ.വി.വ. നമ്പർ ഫയലിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിച്ച് എയ്ഡഡ് ഹയർ സെക്കണ്ടറി ഗസ്റ്റ് അധ്യാപകർക്കും വേതനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ;

(ഡി) ശമ്പള പരിഷ്കരണത്തിന് ആനുപാതികമായി ഗസ്റ്റ് അദ്ധ്യാപകരുടെ വേതനം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ജൂനിയർ/സീനിയർ ദിവസ വേതനം എത്രയെന്ന് കൂടി വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 6-8-2015-ലെ HRMP No. 7498/14/KNR പരാതിയിലെ ഉത്തരവിൻ പ്രകാരമാണ് 48404/ഗ12/15 പൊ.വി.വ. നമ്പർ ഫയലിൽ തുടർ നടപടികൾ സ്വീകരിക്കുന്നത്. 2011-12 അദ്ധ്യയന വർഷത്തിൽ അനുവദിച്ച ഹയർസെക്കണ്ടറി ബാച്ചുകളിൽ നിയമിതരായ ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകിയിട്ടില്ലെങ്കിൽ അതിനെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ഹയർ സെക്കണ്ടറി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ല. എന്നാൽ ശനിയാഴ്ച പ്രവൃത്തി ദിവസം ഒഴിവാക്കിയതുകൊണ്ട് ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടവും 2011-ൽ പരിഷ്കരിച്ച ദിവസ വേതനത്തിന്റെ അപര്യാപ്തതയും കണക്കിലെടുത്ത് 1-12-2015 മുതൽ മുൻകാല പ്രാബല്യം നൽകി ഹയർസെക്കണ്ടറി ജൂനിയർ അദ്ധ്യാപകരുടെ ശമ്പളം പ്രതിദിനം 600 രൂപയായും ഹയർസെക്കണ്ടറി സ്കൂൾ ടീച്ചറുടെ ശമ്പളം പ്രതിദിനം 720 രൂപയായും വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

സിവിൽ സർവ്വീസ് അക്കാദമിക്ക് കെട്ടിടം

48(1102) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കെട്ടിട നിർമ്മാണത്തിന് എന്ത് തുകയാണ് ഇതുവരെ വകയിരുത്തിയത് ; ഇതിനാവശ്യമായ തുക എവിടെ നിന്നെല്ലാമാണ് ലഭിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2014-ൽ പ്രവർത്തനം ആരംഭിച്ച കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമി, വെസ്റ്റ് ഹിൽ യു.പി. സ്കൂളിലാണ് പ്രവർത്തിക്കുന്നത്. അനാദായകരമായ സ്കൂളുകളുടെ ശ്രേണിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രസ്തുത സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ പരമാവധി ഉപയോഗിച്ചാണ് സിവിൽ സർവ്വീസ് അക്കാദമിയുടെ പ്രവർത്തനം. സ്കൂൾ പരിധിയിലുള്ള റവന്യൂ ഭൂമിയിൽ കെട്ടിട നിർമ്മാണത്തിന്റെ സാദ്ധ്യതകൾ പരിശോധിച്ചുവെങ്കിലും തദ്ദേശീയമായി നിലനിൽക്കുന്ന ശക്തമായ എതിർപ്പിനെ തുടർന്ന് കെട്ടിട നിർമ്മാണം ടി ഭൂമിയിൽ അസാദ്ധ്യമായിരിക്കുകയാണ്. ആയതിനാൽ പ്രസ്തുത സ്കൂളിലെ കെട്ടിടം ഉപയോഗപ്രദമാകുന്നതനുസരിച്ച് സിവിൽ സർവ്വീസ് അക്കാദമിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കെട്ടിട നിർമ്മാണത്തിനായി 2010-11-ലെ പ്ലാൻ ഫണ്ടിൽ 25 ലക്ഷം രൂപയും 2011-12 -ലെ പ്ലാൻ ഫണ്ടിൽ 31 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly